©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2023 ജൂലൈ 01<br>01st July 2023<br>1198 മിഥുനം 16<br>16th Mithunam 1198<br>1945 ആഷാഢം 10<br>10th Ashadha 1945 | നമ്പർ<br>No. | 2172 |

### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ:33/2023/സം.തി.ക തിരുവനന്തപുരം, 2023 ജൂൺ 30

1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994 ലെ 20) 142-ാം വകുപ്പ് പ്രകാരം നല്കപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും 1999 നവംബർ 15-ാം തീയതിയിൽ 235/99/സം.തി.ക നമ്പരായി പുറപ്പെടുവിച്ചതും അതേ തീയതിയിലെ 2086-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും സംസ്ഥാനത്തെ മുനിസിപ്പൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൗൺസിലുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളിൽ നിന്നും തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സ്വീകരിക്കുന്നതിനും അത് പരിശോധിച്ച് കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി, മുനിസിപ്പൽ കൗൺസിലുകളിൽ അതാത് മുനിസിപ്പൽ സെക്രട്ടറിയേയും മുനിസിപ്പൽ കോർപ്പറേഷനുകളിൽ അതാത് കോർപ്പറേഷൻ സെക്രട്ടറിമാരേയും നിശ്ചയിച്ചു സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ ഉത്തരവാകുന്നു.

**എ.ഷാജഹാൻ**

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

<u>വിശദീകരണകുറിപ്പ്</u>

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ച്കൊണ്ടുള്ളതാണ്.)

സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിലിലേയ്ക്കും മുനിസിപ്പൽ കോർപ്പറേഷനിലേയ്ക്കുമുള്ള തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ സമർപ്പിക്കുന്ന തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സ്വീകരിക്കുന്നതിനും അവ പരിശോധിച്ച് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനായി ജില്ലാ കളക്ടറെയാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്. ചെലവ് കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തുന്നവരെ അയോഗ്യരാക്കുന്നതിനുള്ള നടപടികൾ കൂടുതൽ വേഗത്തിലാക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി നിശ്ചയിക്കേണ്ടത് ആവശ്യമാണെന്ന് കമ്മീഷൻ കരുതുന്നു

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.07.01 06:03:54 +05:30